# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :2866

18.06.2018-ൽ
മറുപടിയ്ക്ക്

## കാസർഗോഡ് എൽ. ബി. എസ്. എഞ്ചിനീയറിംഗ് കോളേജ് ഹോസ്റ്റൽ

*ചോദ്യം*
ശ്രീ.കെ.കുഞ്ഞിരാമൻ

*ഉത്തരം*
പ്രൊഫ.സി.രവീന്ദ്രനാഥ്
(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കാസർഗോഡ് എൽ. ബി. എസ്. എഞ്ചിനീയറിംഗ് കോളേജിന്റെ ഹോസ്റ്റലുകൾ കോളേജ് കാമ്പസ്സിന് പുറത്ത് പ്രവർത്തിക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കുട്ടികൾക്കുള്ള ഹോസ്റ്റൽ, കാമ്പസിന് പുറത്ത് പ്രവർത്തിക്കുന്ന സ്ഥിതിയിൽ ഭാരിച്ച തുക ഉപയോഗിച്ച് കോളേജിന് അത്യാവശ്യമല്ലാത്ത ആഡിറ്റോറിയത്തിന്റെ നിർമ്മാണം ഒഴിവാക്കണമെന്ന പി. ടി. എ. യുടെ ഹർജിയിൽ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (ബി) & (സി) | നിലവിലുള്ള പി.റ്റി.എ കമ്മിറ്റി, ഓഡിറ്റോറിയത്തിനുപകരം ഹോസ്റ്റൽ അനുവദിക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. ആഡിറ്റോറിയം പണിയുന്നതിനുവേണ്ടി ഗവൺമെന്റ് ഭരണാനുമതി നൽകുകയും അന്നുമുതൽ എല്ലാ സാമ്പത്തിക വർഷവും ഈ പ്രവൃത്തിക്കുവേണ്ടി മറ്റു പ്രവൃത്തികളുടെ കൂടെ പണം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഈ അവസ്ഥയിൽ ആഡിറ്റോറിയത്തിനുള്ള തുക വകമാറ്റി മറ്റൊരു പ്രവൃത്തി ചെയ്യുന്നതിന് |
| (സി) | ആഡിറ്റോറിയത്തിന്റെ നിർമ്മാണം ഒഴിവാക്കി കാമ്പസ്സിനകത്ത് | | |

| | | | |
|---|---|---|---|
| | ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കണമെന്ന പി. ടി. എ. യുടെ ഹർജിയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | | തടസ്സമുണ്ട്. കോളേജ് കാമ്പസിൽ തന്നെ ഹോസ്റ്റൽ ഉണ്ടാകേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ട് പ്ലാൻ ഫണ്ടിൽ നിന്നും ഇക്കാര്യത്തിനായി 2018-19 സാമ്പത്തിക വർഷത്തിലെ വിഹിതമായി 60 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ